DESPATCHED
On.29/12/21.



23/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP No.238(6)/2021**/*എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം.*5211/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ
അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. എസ്. സുനിൽ കുമാർ,<br>ആലയിൽ, മയ്യനാട് പി.ഒ.,<br>കൊല്ലം-691303 | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>പബ്ലിക് റിലേഷൻസ് ഓഫീസർ,<br>കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,<br>ടർബോ പ്ലസ് ടവർ, പി.എം.ജി. ജംഗ്ഷൻ,<br>വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-33 | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 12.06.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | --- |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 04.05.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 21.04.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.06.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 13.07.2021 |
| ഹിയറിംഗ് തീയതി | 16.11.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. എസ്. സുനിൽ കുമാർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ യാതൊരു മറുപടിയും ലഭ്യമായിട്ടില്ലെന്നും ആയതിനാൽ കമ്മീഷൻ വ്യക്തമായ മറുപടി ലഭ്യമാക്കാനും എതിർകക്ഷിക്കെതിരെ പിഴ ചുമത്താനും വേണ്ട നടപടി കൈക്കൊള്ളണമെന്നുമാണ്.

2. ഹർജിക്കാരൻ 12.06.2017 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, മനുഷ്യാവകാശ കമ്മീഷൻ ഓഫീസ് സ്ഥിതി ചെയ്യുന്ന TURBO PLUS TOWER എന്ന കെട്ടിടം നിർമ്മാണത്തിനും പ്രവർത്തനത്തിനും Fire & Rescue ഡിപ്പാർട്ടുമെന്റിന്റെ NOC ലഭിച്ചിട്ടുള്ളതല്ല എന്നും ഒരു തീപിടിത്തം ഉണ്ടായാൽ ഫയർ എഞ്ചിൻ അകത്തോട്ടു കയറാൻ സൗകര്യമില്ലെന്നും ആയത് മനുഷ്യാവകാശ ലംഘനമാണോ എന്നും എന്തുകൊണ്ടാണ് അവിടെ നിയമലംഘനം നടത്തുന്നതെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നില്ല.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 13.07.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ 12.06.2017 ലെ വിവരാവകാശ അപേക്ഷയിന്മേൽ 29.06.2017 ൽ മറുപടി ലഭ്യമാക്കിയിട്ടുള്ളതാണെന്നാണ്. ഹർജിക്കാരന് ലഭ്യമാക്കിയ മറുപടിയുടെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കിയതായി കാണുന്നു. ആയതിൽ പ്രസ്താവിച്ചത്, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

പ്രവർത്തിക്കുന്ന പി.എം.ജി. ജംഗ്ഷനിലെ TURBO PLUS TOWER എന്ന കെട്ടിടം സർക്കാർ വാടകക്ക് ലഭ്യമാക്കിയതാണെന്നും കെട്ടിടം ഉടമായാണ് കെട്ടിട നിർമ്മാണത്തിനും ഉപയോഗത്തിനുമുള്ള ബന്ധപ്പെട്ട ലൈസൻസുകൾ കരസ്ഥമാക്കേണ്ടതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും ടി ഓഫീസിൽ പാർക്കിംഗ് ഏരിയ ഉണ്ടെന്നും ടിയാന്റെ 3-ാം നമ്പർ ചോദ്യത്തിൽ ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുന്നതല്ലെന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ടൗൺ പ്ലാനിംഗ് വകുപ്പുകളുമാണ് ടിയാൻ നാലാം ചോദ്യത്തിൽ ആവശ്യപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച അനുമതി പത്രം നൽകേണ്ടതെന്നും അത്തരം ചട്ടങ്ങൾ പാലിച്ചു കൊണ്ടാണോ കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്നും നിരീക്ഷിക്കേണ്ടതും അവരാണെന്നും മനുഷ്യാവകാശ കമ്മീഷന് വാടക കെട്ടിടത്തിനു മേൽ അത്തരം അധികാരങ്ങളില്ലെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷക്ക് എതിർകക്ഷി സമയബന്ധിതമായി മറുപടി ലഭ്യമാക്കിയതായി കാണുന്നു. 16.11.2021 ൽ നടന്ന ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം ഉള്ളതായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. മനുഷ്യാവകാശ കമ്മീഷൻ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. കെട്ടിടം പരിശോധിച്ച് ആയതിന്റെ അനുമതിയും മറ്റും നൽകുന്ന PWD ബിൽഡിംഗ്സ് അധികാരികൾ ആണ് സർട്ടിഫൈ ചെയ്ത് വാടക നിശ്ചയിച്ച് നൽകേണ്ടത്. ബിൽഡിംഗ് ഉടമ

കോർപ്പറേഷനും ബന്ധപ്പെട്ട അധികാരികൾക്കും അപേക്ഷകൾ നൽകി അനുമതി വാങ്ങിയാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത് ആയതിനൊന്നും മനുഷ്യാവകാശ കമ്മീഷന് യാതൊരുവിധ ഉത്തരവാത്തിങ്ങളോ ബാധ്യതയോ ഇല്ലാത്തതാണ് എന്നാണ് എതിർകക്ഷി മൊഴിയിൽ പറഞ്ഞിട്ടുള്ളത്. എതിർകക്ഷിയുടെ നൽകിയിട്ടുള്ള മൊഴിയുടെ അടിസ്ഥാനത്തിൽ ആവയ അംഗീകരിച്ച് കൊണ്ട് പരാതിഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 നവംബർ 23-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp